## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2106     10/10/2011-ൽ മറുപടിയ്ക്ക്

### ഹോമിയോ-ആയുർവേദ മെഡിക്കൽ കോളേജദ്ധ്യാപകരുടെ പെൻഷൻ പ്രായം

ചോദ്യം     മറുപടി

ഡോ. എൻ. ജയരാജ്:     ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം എത്രയാണ്; | (എ) | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻെറ കീഴിലുള്ള അലോപ്പതി മെഡിക്കൽ കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം 60 ആണ്. |
| (ബി) | സർക്കാർ ഹോമിയോ- ആയുർവേദ മെഡിക്കൽ കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം അലോപ്പതി മെഡിക്കൽ കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായത്തിന് തുല്യമാക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (ബി) | സർക്കാർ ഹോമിയോ- ആയുർവേദ മെഡിക്കൽ കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ബഹു. സുപ്രിം കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) | അതു സംബന്ധിച്ച് ബഹു. സുപ്രിം കോടതിയിൽ കേസ് നിലവിലുണ്ടോ; | (സി) & (ഡി) | ബഹു. സുപ്രിം കോടതിയുടെ പരിഗണനയിലുള്ള കേസിൽ സർക്കാരിനു വേണ്ടി വാദിക്കുവാൻ സുപ്രിം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിനെ അധികാരപ്പെടുത്തി 16/09/11 ന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ വിഷയവുമായി ബന്ധപ്പെടുത്തി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ